**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 4614.** **18.05.2017-ൽ മറുപടിക്ക്**

## റിസർവ് ബാങ്ക് നിയന്ത്രണങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി. ജയരാജൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കറൻസി നിരോധന നടപടികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധികളും പ്രത്യാഘാതങ്ങളും മറികടക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്നു വ്യക്തമാക്കുമോ; | (എ) & (ബി) | സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിച്ചു. പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000/- രൂപയോ റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്. എൻ.ഇ.എഫ്.റ്റി എന്നിവ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് നൽകാൻ നിർദ്ദേശം നൽകി. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുകയും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാസഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുകയും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിന് നിർദ്ദേശിച്ചു. പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടുകളിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിച്ചു. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കുവാൻ നിർദ്ദേശിച്ചു. ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനം ആയിരിക്കുമെന്നും നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രാഥമിക സഹകരണ ബാങ്കുകളുടെ ധനപരമായ ഇടപാടുകളിൽ എന്തെല്ലാം നിയന്ത്രണങ്ങൾ കൊണ്ടുവന്നുവെന്നും അത്തരം നിയന്ത്രണങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനില്പിനെ പ്രതികൂലമായി ബാധിക്കാതിരിക്കുവാനും അവിടത്തെ ഇടപാടുകാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുവാനും കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ആഫീസർ